## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ:ഷീബ ജോർജ്ജ്.ഐ.എ.എസ്)

ഉത്തരവ് നം. SJD/100739/2019-E1

തിരുവനന്തപുരം,
തീയതി. 27/04/2020

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം - കൊവിഡ്-19 -കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല കോഴിക്കോട് പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -1 ശ്രീമതി.ഷീബമുംതാസ് അധികമായി നിർവഹിച്ച് വരുകയായിരുന്നു. കൊവിഡ്-19 മഹാമാരിയെ തുടർന്ന് ടി ജീവനക്കാരി ക്വാറന്റൈനിൽ പ്രവേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീമതി.ഷീബമുംതാസ് പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.പരമേശ്വരൻ.പിക്കും പ്രോബഷൻ ഓഫീസർ ഗ്രേഡ് I ന്റെ പൂർണ്ണ അധിക ചുമതല പ്രോബഷൻ ഓഫീസർ ശ്രീമതി. അഞ്ജു മോഹൻ എം നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി.ഷീബ മുംതാസ് ക്വാറന്റൈൻ കഴിഞ്ഞ് തിരികെ പ്രോബഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതാണ്.

ഈ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. സുഭാഷ് കുമാർ കെ.വി. ലോക്ക് ഡൗൺ മൂലം നിലവിൽ കോഴിക്കോട് ജില്ലയിലാണ്. ടിയാന് ഡയറക്ടേറ്റിൽ ഹാജരാകുവാൻ കഴിയാത്ത സാഹചര്യത്തിൽ ലോക്ക് ഡൗൺ അവസാനിക്കുന്നതുവരെ കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫിസിലെ ഓഫീസിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം കൂടി നോക്കുന്നതിനു ചുമതലപ്പെടുത്തുന്നു.

ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചുമതല ഏറ്റെടുക്കുകയും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീമതി.ഷീബ മുംതാസ്, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1,
   പ്രൊബേഷൻ ഓഫീസ്, കോഴിക്കോട്.
2. ശ്രീ.പരമേശ്വരൻ.പി, സീനിയർ സൂപ്രണ്ട്,
   ജില്ല സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട്.
3. ശ്രീമതി. അഞ്ജു മോഹൻ എം
   പ്രോബഷൻ ഓഫീസർ ഗ്രേഡ് I, കോഴിക്കോട്
4. ശ്രീ. സുഭാഷ് കുമാർ കെ.വി. അസിസ്റ്റന്റ് ഡയരക്ടർ.

<u>പകർപ്പ് :</u>

1. ജില്ല സാമൂഹ്യനീതി ഓഫീസർ കോഴിക്കോട്
2. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 കോഴിക്കോട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്